(ഡി) പുരാതന രേഖകളും സാധാരണമായി പ്രാചീന ലിപികളിൽ എഴുതി കാണുന്നതുകൊണ്ട് അവ പരിശോധിച്ച് വിലയിരുത്തുന്നതിനുള്ള ലിപി പരിചയവും, പഴക്കവും പരിചരണക്കുറവുംകൊണ്ട് നാശോന്മുഖങ്ങളായി തീർന്നിരിക്കുന്ന രേഖകളെ ആധുനിക രീതിയിൽ സംരക്ഷിക്കുന്നതിനുള്ള പരിശീലനം സിദ്ധിച്ചിട്ടുള്ള എത്രപേർ ഇന്ന് പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ ഉണ്ട് ;

(ഈ) ഇവരുടെ സംഖ്യ വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) വിഷം, മന്ത് തുടങ്ങിയ പ്രാചീന വൈദ്യമുറകളെ സംബന്ധിച്ച വിഷയങ്ങളെ പുരസ്കരിച്ചുള്ള പ്രാചീന ഗ്രന്ഥങ്ങൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്താനുള്ള എന്തെങ്കിലും പരിപാടി ഗവണ്മെന്റിനുണ്ടോ ;

(ജി) സഹകാര്യവ്യക്തികളിൽനിന്നും ഇത്തരം ഗ്രന്ഥങ്ങൾ സമ്പാദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963-ാമാണ്ട് ആരംഭം മുതൽ.

ഗവണ്മെന്റുമായി പ്രധാനപ്പെട്ട പഴയ റിക്കാർഡുകൾ കേടുകൂടാതെ സംരക്ഷിക്കുക, സഹകാര്യവ്യക്തികളും, സ്ഥാപനങ്ങളും സംഭരിച്ചിട്ടുള്ള പ്രാചീനരേഖകളും ഗ്രന്ഥങ്ങളും ശേഖരിച്ചു സൂക്ഷിക്കുക, വിവിധ ആഫീസുകളിലുള്ള റിക്കാർഡുകൾ നശിപ്പിക്കുന്നതിനുമുമ്പ് പരിശോധിച്ച് ഭാവിയിൽ പ്രയോജനമുണ്ടാകാവുന്നവ തിരഞ്ഞെടുത്തു സൂക്ഷിക്കുക, ചരിത്ര ഗവേഷകന്മാർക്കും, പണ്ഡിതന്മാർക്കും ആക്കൈവ്സ് സംഭരിച്ചിട്ടുള്ള റിക്കാർഡുകൾ പരിശോധിച്ചു ഗവേഷണം നടത്തുവാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുക, റിക്കാർഡുകളുടെ ദേശീയ രജിസ്റ്റർ (National Register of Records) തയാറാക്കുക മുതലായവയാണ് ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്. വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) റിക്കാർഡുകളുടെ ദേശീയ രജിസ്റ്റർ (National Register of Records) തയാറാക്കുന്നതിനു പ്രതിവർഷം 3,000 രൂപാ കേന്ദ്രത്തിൽനിന്നും സഹായധനമായി ലഭിക്കുന്നുണ്ട്. കൂടാതെ ആക്കൈവ്സിൽ ഉപരിപഠന ഗവേഷണത്തിനുള്ള സൗകര്യങ്ങളും ആവശ്യാനുസരണമുള്ള വിദഗ്ദ്ധോപദേശവും നൽകിവരുന്നുണ്ട്.

(ഡി) രണ്ടുപേർ.

(ഈ) ഉണ്ട്.

(എഫ്) ഇക്കാര്യം പരിഗണനയിലിരിക്കുന്നു.

(ജി) പ്രത്യേക വ്യവസ്ഥകളൊന്നുമില്ല. ഇത്തരം ഗ്രന്ഥങ്ങളുടെ സംഭരണം അവ കൈവശമുള്ളവരുടെ സന്മനസ്സിനേയും സഹകരണത്തേയുമാണാശ്രയിച്ചിരിക്കുന്നത്.

അരിക്കാർഡ്.

* 38. [57] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവില ഷാപ്പുകൾമുഖേന അരിവിതരണം ആരംഭിച്ച വർഷത്തിന്റെ (1956-57) അവസാനം സംസ്ഥാനത്തു മൊത്തം എത്ര അരി കാർഡ് ഉണ്ടായിരുന്നു ;

(ബി) 1964 ജൂൺ 30-ാം തീയതിക്ക് എത്ര കാർഡുകൾ നിലവിലുണ്ട് ;

† Appendix VI

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ അരി കാർഡുകൾ അർഹരായവർക്കു കൊടുക്കുന്നതിനു വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയം ഭരണസമിതികളുടെ നിവേദനങ്ങൾ ഈ ആവശ്യം ഉന്നയിച്ചുകൊണ്ടു ലഭിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 24,44,676

(ബി) 26,68,074.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഈ) അർഹരായ കുടുംബങ്ങൾക്കു കാർഡുകൾ കൊടുക്കാൻ എല്ലാ കളക്ടറന്മാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പുതിയ സ്കൂളുകൾ

* 39. [59] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി അനുവദിച്ച സ്കൂളുകളിൽ (1) സർക്കാർ സ്കൂളുകൾ എത്ര ?

(2) എയിഡഡ് സ്കൂളുകൾ എത്ര ?

(3) അൺ എയിഡഡ് സ്കൂളുകൾ എത്ര ?

(ബി) ഒന്നിലധികം തവണകളിലായി സ്കൂളുകൾ അനുവദിക്കാനിടയായതെന്തുകൊണ്ടാണു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സർക്കാർ സ്കൂളുകൾ 116

(2) എയിഡഡ് സ്കൂളുകൾ 385

(3) അൺഎയിഡഡ് സ്കൂളുകൾ 29

(ബി) Kerala Education Rules–ലെ chapter V, Rule (12)അനുസരിച്ചു സ്കൂൾ അനുവദിച്ചു 30 ദിവസത്തിനകം അപ്പീൽ കൊടുക്കാൻ അവകാശമുണ്ട്. ഈ സമയത്തു ലഭിച്ച അപ്പീലുകൾ പരിശോധിച്ചതിൽ ചില സ്കൂളുകൾകൂടി അനുവദിക്കണമെന്നു ബോദ്ധ്യമായി. കൂടാതെ അൺഎയിഡഡ് സ്കൂളുകളുടേയും സംസ്ഥസ്കൂളുകളുടേയും കാര്യത്തിൽ കൂടുതൽ അയവുകാണിക്കണമെന്നു ഗവണ്മെന്റു ഉദ്ദേശിച്ചു. ഈ പരിതഃസ്ഥിതികളിലാണു ഒന്നിലധികം തവണകളിലായി സ്കൂളുകൾ അനുവദിക്കാൻ ഇടയായതു്.

പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനു സ്വീകരിച്ച നടപടി

* 40. [61] ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനു എന്തൊക്കെ നടപടികളാണു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതു് ;

(ബി) ആലപ്പുഴജില്ലാ കളക്ടർ ഒരു പഞ്ചസാരലൈസൻസു റദ്ദാക്കിയതിനെ മന്ത്രി സ്റ്റേ ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly